REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-10-2023 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ഇന്ന് 91-ാം വ്യോമസേനാ ദിനം. രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും വ്യോമസേനാംഗങ്ങൾക്ക് ആശംസകൾ നേർന്നു.
- സംസ്ഥാന ഗവൺമെന്റിനെതിരെ ചിലർ നുണപ്രചാരണം നടത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വന്യ ജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം വൈകിട്ട് മന്ത്രി A.K. ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും.
- ഹാങ്ജോ ഏഷ്യൻ ഗെയിംസിന് ഇന്ന് കൊടിയിറങ്ങും.
- ICC ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ - ഓസ്ട്രേലിയ മത്സരം ഇന്ന്.

## വാർത്തകൾ വിശദമായി

ഇന്ന് 91-ാം ഇന്ത്യൻ വ്യോമസേനാ ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ് തുടങ്ങിയവർ വ്യോമസേനാംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ നേർന്നു. ഇന്ത്യൻ വ്യോമസേന കൂടുതൽ ഉയരങ്ങൾ കീഴടക്കുകയാണെന്നും

വെല്ലുവിളികളെ നേരിടാൻ സദാ സജ്ജമായ ശക്തവും ധീരവുമായ സേനയിൽ രാജ്യം അഭിമാനിക്കുന്നുവെന്നും ദ്രൗപതി മുർമു പറഞ്ഞു.

വ്യോമസേനയുടെ വീര്യത്തിലും പ്രതിബദ്ധതയിലും അർപ്പണബോധത്തിലും ഇന്ത്യ അഭിമാനിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അവരുടെ മഹത്തായ സേവനവും ത്യാഗവും നമ്മുടെ ആകാശം സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നുവെന്നും അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

ദിനത്തോടനുബന്ധിച്ച്, ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ പരേഡും വ്യോമ പ്രദർശനവും നടത്തി. പരേഡിൽ വ്യോമസേനയുടെ പുതിയ പതാകയും അനാവരണം ചെയ്തു. ആദ്യമായി വനിതാ അഗ്നിവീരരുടെ ബറ്റാലിയനും പരേഡിൽ പങ്കെടുത്തു.

✪✪✪

ഇസ്രായേലിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. സുരക്ഷാ മാർഗ്ഗരേഖ കൃത്യമായി പാലിക്കണം. അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കി സുരക്ഷാ കേന്ദ്രങ്ങൾക്ക് സമീപം തുടരണം. അടിയന്തര സാഹചര്യങ്ങളിൽ എംബസിയുമായി ബന്ധപ്പെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

ഇസ്രായേലിലെ ഹമാസ് ആക്രമണത്തിന് പിന്നാലെ ലെബനനിലെ ഹിസ്ബുള്ള തീവ്രവാദികളും മൂന്ന് ഇസ്രായേലി ലക്ഷ്യങ്ങളിലേക്ക് റോക്കറ്റ് ആക്രമണം നടത്തി. സിറിയൻ അതിർത്തിയിലെ ഗോലാൻ കുന്നുകളിലേക്കാണ് അവർ റോക്കറ്റുകൾ വിട്ടയച്ചത്. പാലസ്തീനിയൻ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനാണ് ആക്രമണമെന്ന് ഹിസ്ബുൾ കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

ഇസ്രായേലിൽ കുടുങ്ങിയ ഇന്ത്യക്കാർ ആശങ്കപ്പെടേണ്ടതില്ലെന്ന് കേന്ദ്ര സഹമന്ത്രി V. മുരളീധരൻ പറഞ്ഞു. സഹായം ആവശ്യമായ സാഹചര്യങ്ങളിൽ ഇസ്രായേലിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടാൽ മതിയെന്ന് അദ്ദേഹം പറഞ്ഞു. ഹമാസ് ഇസ്രായേലിൽ നടത്തിയത് ഭീകരാക്രമണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

പ്രതിസന്ധി ഘട്ടത്തിൽ ഇന്ത്യ ഇസ്രായേലിനൊപ്പം നിൽക്കുമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ X സന്ദേശത്തിൽ ഇന്ത്യയിലെ ഇസ്രായേൽ അംബാസ്സഡർ നൂർ ഗിലോണും ഇസ്രായേൽ കോൺസുലേറ്റ് ജനറൽ കോബി ശോഷാനിയും നന്ദി അറിയിച്ചു. ഇന്ത്യയുടെ ധാർമ്മിക പിന്തുണ വളരെയധികം വിലമതിക്കുന്നുവെന്നും ഇസ്രായേൽ വിജയിക്കുമെന്നും നൂർ ഗിലോൺ കുറിച്ചു. ആക്രമണ

വേളയിൽ പ്രധാന സുഹൃത്തും സഹോദരനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി നിലകൊണ്ടതായി അവർ  വിലയിരുത്തി.

✪✪✪

രാജ്യത്തിന്റെ സൂര്യദൗത്യമായ ആദിത്യ L-1-ന്റെ പ്രവർത്തനം തൃപ്തികരമാണെന്നും കൃത്യമായ ലക്ഷ്യത്തിലേക്ക് നീങ്ങുകയാണെന്നും ISRO അറിയിച്ചു. കഴിഞ്ഞ ദിവസം പാത കൃത്യമാക്കുന്ന 16 സെക്കന്റ് നീണ്ട പ്രവർത്തനം വിജയകരമായി നടത്തിയതായും ഇസ്രോ അറിയിച്ചു. പേടകം കൃത്യമായ പാതയിലാണെന്നും ഉറപ്പുവരുത്തിയിട്ടുണ്ട് .

ആദിത്യ-എൽ1 മുന്നോട്ട് നീങ്ങുന്നതിനാൽ, ഏതാനും ദിവസങ്ങൾക്കുള്ളിൽ മാഗ്നെറ്റോമീറ്റർ വീണ്ടും പ്രവർത്തിച്ചു തുടങ്ങുമെന്നും ISRO അറിയിച്ചു.

✪✪✪

GST അപ്പലേറ്റ് ട്രിബ്യൂണൽ പ്രസിഡന്റിന്റെ പ്രായപരിധി 70 വയസ്സാക്കി ഉയർത്താൻ ഇന്നലെ ഡൽഹിയിൽ ചേർന്ന GST കൗൺസിൽ യോഗം തീരുമാനിച്ചതായി കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ അറിയിച്ചു. നേരത്തെ ഇത് 67 വയസ്സായിരുന്നു. അംഗങ്ങളുടെ പ്രായപരിധി 65-ൽ നിന്ന് 67 ആയി വർദ്ധിപ്പിച്ചു. നിയമനത്തിന് 50 വയസ്സായിരിക്കും കുറഞ്ഞ പ്രായപരിധി. ജുഡീഷ്യൽ അംഗമാകാൻ 10 വർഷത്തെ അഭിഭാഷക പരിചയം നിർബന്ധമാണെന്നും കേന്ദ്ര മന്ത്രി അറിയിച്ചു.

✪✪✪

**സംസ്ഥാന ഗവൺമെന്റിനെതിരെ ചിലർ നുണപ്രചാരണം നടത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമൂഹമാധ്യമത്തിലൂടെ അധിക്ഷേപിക്കുന്നതാണ് ഇപ്പോഴത്തെ രീതിയെന്നും മുഖ്യമന്ത്രി കണ്ണൂരിൽ LDF കുടുംബ യോഗത്തിൽ പറഞ്ഞു. സമൂഹ മാധ്യമ വിദഗ്ധർ KPCC യോഗത്തിൽ കോൺഗ്രസ് നേതാക്കളോടൊപ്പം പങ്കെടുത്തുവെന്ന് അദ്ദേഹം ആരോപിച്ചു. വസ്തുതയുടെ പിൻബലമില്ലാതെ സമൂഹ മാധ്യമത്തിലൂടെ എന്തും പടച്ചു വിടാവുന്ന അവസ്ഥയാണെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി.**

✪✪✪

**വന്യ ജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം വൈകിട്ട് മന്ത്രി A.K. ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. കേരളത്തിലെ ആദ്യ ടൈഗർ സഫാരി പാർക്കിന്റെയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളുടെ പ്രഖ്യാപനവും അദ്ദേഹം ചടങ്ങിൽ നടത്തും.**

**മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ വന്യജീവി വാരാഘോഷ സംസ്ഥാനതല മത്സര ജേതാക്കൾക്ക് മന്ത്രി P.A മുഹമ്മദ് റിയാസ് സമ്മാനങ്ങൾ വിതരണം ചെയ്യും. മികച്ച സ്നേക്ക് റസ്ക്യൂവർ ഉപഹാരം കോഴിക്കോട് മേയർ ഡോ. ബീനാ ഫിലിപ്പ് സമ്മാനിക്കും. M.K രാഘവൻ M.P മുഖ്യാതിഥിയായിരിക്കും.**

✪✪✪

**A.I ക്യാമറകൾ സംബന്ധിച്ച് മറ്റന്നാളത്തെ അവലോകന യോഗത്തിൽ വിശദമായ കണക്ക് പുറത്തു വിടുമെന്ന് മന്ത്രി**

ആന്റണി രാജു പറഞ്ഞു. ഹൈക്കോടതിയിൽ നിയമസഭ നൽകിയ കണക്കുകൾ വാസ്തവമാണ്. പ്രതിപക്ഷ നേതാവ് കഥയറിയാതെ ആട്ടം കണ്ട് ആരോപണങ്ങൾ ഉന്നയിക്കുകയാണെന്നും മന്ത്രി തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

---

മുൻഗണനാ റേഷൻ കാർഡ് അനർഹമായി കൈവശം വെച്ചിരിക്കുന്നവർക്കെതിരെ കർശന നടപടിയ്ക്ക് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറെടുക്കുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കും. കഴിഞ്ഞ ഓണക്കാലത്ത് മുൻഗണനാ വിഭാഗങ്ങൾക്ക് അനുവദിച്ച ഓണക്കിറ്റ് 26,000 ത്തോളം പേർ വാങ്ങാതിരുന്ന സാഹചര്യത്തിലാണ് അനർഹരെ കണ്ടെത്താൻ സിവിൽ സപ്ലൈസ് വകുപ്പ് തീരുമാനിച്ചത്.

---

പൊതുവിഭാഗം റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് നാളെ മുതൽ ഈ മാസം 20 വരെ ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കാം. അക്ഷയ സെന്റർ മുഖേനയോ ഔദ്യോഗിക വെബ്സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം.

---

ആരോഗ്യ മന്ത്രിയുടെ ഓഫീസിനെതിരായ കൈക്കൂലി ആരോപണം ഗൂഢാലോചനയാണെന്ന മുഖ്യമന്ത്രിയുടെ ന്യായീകരണം അപഹാസ്യമാണെന്ന് പ്രതിപക്ഷ നേതാവ് V.D

സതീശൻ വിലയിരുത്തി. പിടിയിലായവരും ഒളിവിൽ പോയവരുമെല്ലാം CPIM ലും ഇടതു മുന്നണിയിലും പെട്ടവരാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ അറിയിച്ചു. യാഥാർത്ഥ്യങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ വ്യക്തമായിരിക്കുമ്പോൾ തന്നെയാണ് മുഖ്യമന്ത്രി ഗൂഢാലോചനാ സിദ്ധാന്തം അവതരിപ്പിച്ചതെന്നും സതീശൻ പരിഹസിച്ചു.

✪✪✪

ഹാങ്ജോ ഏഷ്യൻ ഗെയിംസിന് ഇന്ന് കൊടിയിറങ്ങും. വൈകിട്ട് അഞ്ചിന് സമാപന ചടങ്ങിൽ ഹോക്കി താരം P.R ശ്രീജേഷ് ഇന്ത്യൻ പതാക വഹിക്കും. ഇന്ത്യൻ താരങ്ങളും ചടങ്ങിൽ പങ്കെടുക്കും.

ഇന്നലെ ആറ് സ്വർണവും നാല് വെള്ളിയും രണ്ട് വെങ്കലവും സ്വന്തമാക്കിയ ഇന്ത്യൻ ടീം ഗെയിംസിന്റെ 14-ാം ദിവസത്തെ അവിസ്മരണീയമാക്കി. 28 സ്വർണവും 38 വെള്ളിയും 41 വെങ്കലവും ഉൾപ്പെടെ 107 മെഡലുകൾ നേടിയ ഇന്ത്യ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ്. ഏഷ്യാഡ് ചരിത്രത്തിൽ ഇന്ത്യ നേടുന്ന ഏറ്റവും മികച്ച മെഡൽ നേട്ടമാണ് ഹാങ്ജോവിലേത്.

✪✪✪

ICC ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ - ഓസ്ട്രേലിയ മത്സരം ഇന്ന്. ചെന്നൈ M.A ചിദംബരം സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിനാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ തുടർച്ചയായ മൂന്നാം വിജയപ്രതീക്ഷയുമായി കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് മുംബൈ സിറ്റി FC യെ നേരിടും. രാത്രി എട്ടിന് മുംബൈയിലാണ് മത്സരം.

✪✪✪

ഇത്തവണത്തെ വയലാർ അവാർഡിന് കവിയും ഗാന രചയിതാവുമായ ശ്രീകുമാരൻ തമ്പി അർഹനായി. ജീവിതം ഒരു പെൻഡുലം എന്ന ആത്മകഥയ്ക്കാണ് പുരസ്കാരം.

✪✪✪

കൊച്ചി അഴീക്കലിൽ ബോട്ട് അപകടത്തിൽപെട്ട് കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളിൽ ഷാജി എന്നയാളുടെ മൃതദേഹം കൂടി കണ്ടെത്തി. ഇതോടെ അപകടത്തിൽ പെട്ട നാല് പേരിൽ, മൂന്ന് പേരുടെ മൃതദേഹം കണ്ടെടുത്തു. അപകടത്തിൽ പെട്ട രാജുവിനായി തെരച്ചിൽ തുടരുകയാണ്.

✪✪✪

ദീർഘകാലമായി പരിഹരിക്കാതെ കിടക്കുന്ന പട്ടയ അപേക്ഷകളിൽ തീർപ്പുണ്ടാക്കാൻ സംസ്ഥാനത്ത് പട്ടയ അദാലത്തുകൾക്ക് നാളെ തുടക്കമാകും. ആദ്യ അദാലത്ത് തിരുവനന്തപുരം ജില്ലയിലാണ്. അദാലത്തിലെ തീരുമാനങ്ങൾക്ക് വിധേയമായി ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിച്ച് പട്ടയം നൽകാനാണ് തീരുമാനം.

തീർപ്പാക്കാനാകാത്ത കേസുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് പരിഹാരം കാണും.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ അഴിമുഖത്ത് വീണുകിടക്കുന്ന കരിങ്കല്ലുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചു. മുതലപ്പൊഴിയെ അപകടരഹിതമാക്കുന്നതിന് സംസ്ഥാന മന്ത്രിതല തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് നടപടി. അദാനി തുറമുഖ കമ്പനിയുമായി സഹകരിച്ചാണ് പ്രവർത്തി.

✪✪✪

കോഴിക്കോട് ജില്ലാ കേരളോത്സവം അടുത്ത മാസം 10 മുതൽ 15 വരെ തൂണേരി, കുന്നുമ്മൽ ബ്ലോക്കുകളിലായി നടത്താൻ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് ജില്ലാതല സംഘാടകസമിതി രൂപീകരിച്ചു.

✪✪✪

കൊൽക്കത്തെ ഹൂഗ്ലി നദിയിലെ ഫ്ലോട്ടിങ് ഹോട്ടൽ ആയ Polo Floatel ന്റെ ഡ്രൈ ഡോക്കിംഗും അറ്റകുറ്റപ്പണികളും വിജയകരമായി പൂർത്തിയാക്കിയതായി കൊച്ചി കപ്പൽശാല അറിയിച്ചു. കൊച്ചി കപ്പൽശാലയുടെയും കൊൽക്കത്തെ പോർട്ട് ട്രസ്റ്റിന്റെയും സംയുക്ത സംരംഭമായ CSL-കൊൽക്കത്തെ ഷിപ്പ് റിപ്പയർ യൂണിറ്റിലാണ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയത്.

✪✪✪

നാളെ ആരംഭിക്കുന്ന മിഷൻ ഇന്ദ്രധനുഷ് 5.0 പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ഒരുക്കങ്ങൾ കോഴിക്കോട് ജില്ലയിൽ പൂർത്തിയായതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ശനിയാഴ്ച വരെ നടത്തുന്ന പരിപാടിയിൽ ആരോഗ്യ സ്ഥാപനങ്ങൾ, സബ് സെന്ററുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിലായി 1100 സെഷനുകളിലായിട്ടാണ് കുത്തിവെപ്പ് നൽകുന്നത്.

✪✪✪

കോഴിക്കോട് കല്ലൂത്താൻകടവ് കോളനി നിവാസികൾക്ക് നഗരസഭ നിർമ്മിച്ച് നൽകിയ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ദൃശ്യ മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തത്.

✪✪✪

അന്താരാഷ്ട്ര ബാലിക ദിനമായ ഒക്ടോബർ 11ന് കാസർകോട്ട് കലാജാഥ സംഘടിപ്പിക്കും. വനിതാ ശിശു വികസന ഓഫീസിന്റെയും വനിതാ ശാക്തീകരണ ഹബിന്റെയും നേതൃത്വത്തിലാണ് കലാജാഥ.

✪✪✪

കോഴിക്കോട് കോർപറേഷന്റെ മാലിന്യ സംസ്ക്കരണ കേന്ദ്രത്തിൽ തീപിടിച്ചു. ഭട്ട് റോഡിന് സമീപത്തെ കേന്ദ്രത്തിലാണ് തിപിടുത്തമുണ്ടായത്. കൂടുതൽ ഫയർ

യൂണിറ്റുകൾ എത്തി തീയണക്കാൻ ശ്രമം തുടരുകയാണ്. തീ നിയന്ത്രണവിധേയമാണെന്ന് അധികൃതർ അറിയിച്ചു.